# കേരള സർവകലാശാല

നം. പി.ആർ.160/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ പരീക്ഷാഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 26-ാം തീയതി ആരംഭിക്കുന്ന 4-ാം സെമസ്റ്റർ എം.എ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയിൽ ഇലക്ടീവ് സംസ്കൃതം പേപ്പർ രണ്ട് - പ്രോസ് ഡെഫനിഷൻസ് ഓഫ് പൊയറ്റിക്സ് ടൈപ്സ് ഇൻ സാൻസ്ക്രീറ്റ് കോംപോസിഷൻ ആന്റ് ട്രാൻസലേഷൻ ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ ടൈം ടേബിൾ (റഗുലർ/സപ്ലിമെന്ററി) സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സെഷണൽ/ സി.എ മാർക്ക് ഇംപ്രൂവ് ചെയ്യാം.

കേരള സർവകലാശാല ബി.ടെക്/ബി.ആർക് കോഴ്സ് പൂർത്തിയാക്കി യഥാക്രമം അഞ്ച്/ആറ് വർഷം കഴിഞ്ഞ, പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് (ബി.ടെക് - എഴാം സെമസ്റ്റർ, ബി.ആർക് - അഞ്ചാം സെമസ്റ്റർ) വിഷയങ്ങളുടെ സെഷണൽ/ സി.എ മാർക്ക് ഇംപ്രൂവ് ചെയ്യുന്നതിനുള്ള അവസരം നൽകും. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ ഇംപ്രൂവ്മെന്റ് പറ്റുകയുള്ളൂ. മുൻപ് ഈ ഇംപ്രൂവ്മെന്റ് സൗകര്യം പ്രയോജനപ്പെടുത്തിയവർക്ക് ഇപ്പോൾ അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ജൂലൈ 26. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ഡെസ് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.ഡെസ്, 2017 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ഡെസ് ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് അഞ്ച് വരെ അപേക്ഷിക്കാം.

### ഒന്നാം വർഷ ബിരുദ പ്രവേശനം
### മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്-നിർദ്ദേശങ്ങൾ

2017-18 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ 19.07.2017 ന് പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതുവരെയും ഒരു കോളേജിലും

പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ അഡ്മിഷൻ ഫീസ് അടക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ഐ യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടക്കേണ്ടതാണ്. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840/- രൂപയുമാണ്. ഇപ്രകാരം അഡ്മിഷൻ ഫീസ് അടച്ചവർ അഡ്മിഷൻ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്. മുൻ അലോട്ട്മെന്റുകൾ വഴി  കോളേജുകളിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയ അപേക്ഷകർക്ക് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് റ്റി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ ഫീസ് വീണ്ടും അടക്കേണ്ടതില്ല.

## അലോട്ട്മെന്റ് മെമ്മോ

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ ഫീസ് അടച്ച വിവരം വെബ്സൈറ്റിൽ ചേർക്കുമ്പോൾ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്നവർക്കും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്,കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും.  2017 ജൂലൈ 21-ാം തീയതി വരെയാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം  മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ് (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക). അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. പ്രവേശന തീയതി യാതൊരു കാരണവശാലും നീട്ടി നൽകുന്നതല്ല. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം ആ സീറ്റിൽ തൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 21.07.2017 വൈകുന്നേരം 5 മണിവരെ നീക്കം ചെയ്യാം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

തിരുവനന്തപുരം.
18.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**